## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3485

14.10.2011-ൽ മറുപടിക്ക്.

### കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണുദ്ദേശിക്കുന്നത് ;<br><br>(ബി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരഭങ്ങളിലൂടെ എത്രത്തോളം കേന്ദ്ര വ്യവസായ നിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് ; | (എ)-യും (ബി)-യും<br><br>കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു.<br>1) കേന്ദ്ര സർക്കാർ സ്ഥാപനമായ GAIL Gas-ഉം, KSIDC-യുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ച്വർ (JV) കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതു വഴി സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിൽ പൈപ്പ് ലൈൻ വഴിയുള്ള സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, ഗ്യാസ് ട്രെയിനിംഗ് സെന്റർ, ഗ്യാസ് അധിഷ്ഠിത വൈദ്യുത നിലയങ്ങൾ, പ്രകൃതിവാതക പൈപ്പ് ലൈൻ എന്നീ പദ്ധതികൾ നടത്തുവാനുദ്ദേശിക്കുന്നു.<br>2) കേന്ദ്ര പ്രതിരോധ വകുപ്പുമായി സഹകരിച്ച് ഒരു 'Ordnance Factory' ചേർത്തലയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്നു.<br>3) കോഴിക്കോട് ബേപ്പൂരിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിൽ ഒരു കപ്പൽ രൂപകൽപന കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 40 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ 'NIRDESH'-ന് കൈമാറിയിട്ടുണ്ട്. ഇതുമൂലം അനുബന്ധ വ്യവസായങ്ങൾക്ക് അവസരമുണ്ടാകും.<br>4) കുദ്രേമുഖ് അയൺ ഓർ കമ്പനി (KIOCL)-ന്റെ സഹായത്തോടെ കാസർഗോഡ് ഒരു ഇരുമ്പ് അയിര് Benefeciation & Pelletisation-ന്റെ പദ്ധതിക്ക് ഉദ്ദേശമുണ്ട്. ഇതോടൊപ്പം ഒരു ഇന്റഗ്രേറ്റഡ് സ്റ്റീൽ പ്ലാന്റും വിഭാവനം ചെയ്യുന്നു.<br>5) കൊല്ലത്ത് ചവറയിൽ കേന്ദ്ര മന്ത്രാലയത്തിന്റെ സഹായത്തോടെ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള Defence Metallurgical & Research |

Laboratory (DMRL)-ന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് 10,000 ടൺ വാർഷിക ശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റിനും പദ്ധതിക്ക് ഉദ്ദേശമുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതികൾ താഴെ പറയുന്നവയാണ്.

1) Hindustan Aeronautics Ltd. (HAL), KINFRA Small Industries Park, Kasargod.
2) Bharat Electronics Ltd. (BEL), KINFRA Hitech Park, Kalamassery.
3) Bharat Earth Movers Ltd. (BEML), KINFRA Integrated Industrial Park, Palakkad.

NTPC-TELK സംയുക്ത സംരംഭത്തിൽ ഏർപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള ധാരണാപത്രം അനുസരിച്ച് ടെൽക്കിന്റെ മൂലധനത്തിൽ നിന്നും 44.60%-ന്റെ തത്തുല്യ തുകയായ 31.34 കോടി രൂപ NTPC TELK-ന് നൽകിയിട്ടുണ്ട്. ഇന്ത്യൻ റെയിൽ--വേയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റുമായുള്ള സംയുക്ത സംരംഭത്തിൽ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. Steel Complex Ltd. SAIL-മായുള്ള സംയുക്ത സംരഭത്തിന്റെ ഭാഗമായി 5 കോടി രൂപ working capital advance ആയും, 3 കോടി രൂപ interest free loan ആയും SAIL Steel Complex Ltd-ന് നൽകി. KEL-BHEL സംയുക്ത സംരംഭത്തിന്റെ ഭാഗമായി KEL കാസർഗോഡ് യൂണിറ്റ് കൈമാറിയിട്ടുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളിലൂടെ നടപ്പ് സാമ്പത്തിക വർഷം ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

(സി) മേൽപ്പറഞ്ഞ സംരംഭങ്ങളിൽ HAL-ന്റെ കാസർഗോഡ് യൂണിറ്റ് ഡിസംബർ 2011-ഓടെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ഇതു കൂടാതെ പാലക്കാട്ടുള്ള BEML-ന്റെ (ഒന്നാം ഘട്ടം) യൂണിറ്റും കളമശ്ശേരിയിലുള്ള BEL-ന്റെ യൂണിറ്റും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

GAIL Gas - KSIDC സംയോജിത സംരംഭമായ സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് ബേപ്പൂരിലുള്ള 'നിർദ്ദേശ്' പ്രോജക്ടും ഈ വർഷം തന്നെ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ